(9) കുന്നമ്മേൽ കുടിവെള്ള പദ്ധതി പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ഇ. കെ. വിജയൻ: സർ, നാദാപുരം മണ്ഡലത്തിലെ ഏതാനും മേഖലകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ വർഷങ്ങൾക്കുമുമ്പ് തുടക്കം കുറിച്ച പദ്ധതിയാണ് കുന്നമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി. വളയം, വാണിമേൽ, നരിപ്പറ്റ, കായക്കുടി തുടങ്ങിയ മേഖലകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനാണ് ഈ പദ്ധതി ഉപയോഗപ്രദമാകുക. ഇതുമായി ബന്ധപ്പെട്ട് എപ്പോൾ ഇത് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയേണ്ടതുണ്ട്. അതോടൊപ്പം ഇത് ഉദ്ദേശിച്ച വേഗതയിൽ നടക്കാത്തതുകൊണ്ട് ഈ മേഖലയിലെ ഗ്രാമീണ റോഡുകൾ പൈപ്പിട്ടതിന്റെ ഭാഗമായി തകർന്നിരിക്കുകയാണ്. അതുകൂടി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെങ്കിൽ ഇത് കമ്മീഷൻ ചെയ്യണം. അതിനാൽ ഇത് വളരെ വേഗതയിൽ മുന്നോട്ട് പോയില്ലെങ്കിൽ വലിയ ബുദ്ധിമുട്ടുകളായിരിക്കും ഞങ്ങൾക്ക് നേരിടേണ്ടിവരുന്നത്. എപ്പോൾ ഇത് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, കുന്നുമ്മലും സമീപ വില്ലേജുകളിലേയ്ക്കുമുള്ള സമഗ്ര കുടിവെള്ള പദ്ധതി നാദാപുരം നിയോജകമണ്ഡലത്തിലെ വളയം, വാണിമേൽ, നരിപ്പറ്റ, നാദാപുരം, തൂണേരി, കായക്കുടി എന്നീ വില്ലേജുകൾക്കും കൂടാതെ കുറ്റിയാടി നിയോജക മണ്ഡലത്തിലെ കുറ്റിയാടി വില്ലേജിലും ശുദ്ധജലമെത്തിക്കാനാണ് വിഭാവന ചെയ്തിരിക്കുന്നത്. 32.88 കോടി രൂപയുള്ള പദ്ധതിയാണിത്. പദ്ധതിയുടെ പ്രധാന ഘടകങ്ങളായ കിണർ, പമ്പ് ഹൗസ്, പമ്പുസെറ്റുകൾ, ശുദ്ധീകരണശാല, വില്ലേജുകളിലേയ്ക്കുള്ള സംഭരണികൾ, വിതരണ ശൃംഖല എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ജല സംഭരണികളിലേയ്ക്കുള്ള ഗ്രാവിറ്റി മെയിനിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. ആകെയുള്ള 17.49 കിലോമീറ്ററിൽ ഏകദേശം 14 കിലോമീറ്ററോളം പൂർത്തീകരിച്ചിട്ടുണ്ട്. പൊതുമരാമത്തുവകുപ്പിൽ നിന്നും ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നും റോഡ് കട്ടിംഗിനുള്ള അനുമതി ലഭിക്കുവാനുള്ള കാലതാമസവും പൊതു ജനങ്ങളുടെ എതിർപ്പും കാരണമാണ് പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടത്. പ്രോ-വാട്ടർ പമ്പ് ഹൗസിലേയ്ക്കുള്ള 500 KVA ട്രാൻസ്ഫോമർ ലെയർ-വാട്ടർ പമ്പ് ഹൗസിലേയ്ക്കുള്ള 500 KVA

LIBRARY ARCHIVES Kerala Legislative Assembly

ട്രാൻസ്ഫോമർ എന്നിവ സ്ഥാപിക്കാനുള്ള പ്രവൃത്തികളും പുരോഗമിച്ചുവരുന്നു. ട്രാൻസ്ഫോമർ കൺട്രോൾ റൂമുകളുടെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. ട്രാൻസ്ഫോമർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ ഉടനെ ലഭ്യമാകും. മേൽപ്പറഞ്ഞ ഗ്രാവിറ്റി മെയിനുകളുടെയും ട്രാൻസ്ഫോമറുകളുടെയും പ്രവൃത്തി പൂർത്തീകരിച്ച് 2016 മാർച്ച് മാസത്തോടുകൂടി പദ്ധതി കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(10) പാഠ്യപദ്ധതിയിൽ കൃഷി സംസ്കാരം ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ഡോ. എൻ. ജയരാജ്: സർ, നമ്മുടെ സംസ്ഥാനത്ത് കാർഷിക മേഖലയിൽ ഒട്ടേറെ മാറ്റങ്ങളുണ്ടായെങ്കിൽപ്പോലും ഒരു കാലഘട്ടത്തിലുണ്ടായിരുന്ന കാർഷിക സംസ്കാരം ഏതാണ്ട് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാഴ്ചയാണ് പ്രത്യേകിച്ച് പുതിയ തലമുറയെ സംബന്ധിച്ചിടത്തോളം. അഗ്രികൾച്ചർ എന്ന വാക്കിൽത്തന്നെ, there is a culture in agriculture. കൃഷി സംസ്കാരത്തിന്റെ ഭാഗംകൂടിയാണ്. അതുകൊണ്ടു തന്നെ നമ്മുടെ പുതിയ തലമുറയെ ആ രംഗത്തേയ്ക്ക് ആകർഷിക്കുവാനും, പുതിയ തലമുറയിൽ കാർഷിക സംസ്കാരം രൂപപ്പെടുത്തിയെടുക്കുവാനും, കൃഷി പാഠ്യപദ്ധതിയുടെ ഭാഗമാക്കി കൃഷിയുമായി ബന്ധപ്പെട്ട പാഠങ്ങൾ ആഴ്ചയിൽ ഒരു മണിക്കൂറെങ്കിലും പുതിയ തലമുറയിലേയ്ക്ക് വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ എത്തിക്കാൻ വേണ്ടി മണ്ണുമായി അവരുടെ ബന്ധത്തെ കൂടുതൽ ഊട്ടിയുറപ്പിക്കാൻ പ്രത്യേകിച്ച്, അന്താരാഷ്ട്ര മണ്ണുവർഷമായി 2015 ആചരിക്കുന്ന ഈ കാലയളവിൽ പാഠ്യ പദ്ധതിയുടെ ഭാഗമായി കൃഷിയെ മാറ്റിയെടുക്കുവാൻ വേണ്ടിയുള്ള ശ്രമം ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നുള്ള ഒരു നിർദ്ദേശമാണ് എനിക്ക് മുമ്പോട്ട് വയ്ക്കാനുള്ളത്. മറ്റൊരു കാര്യം നമ്മുടെ ജീവിതത്തിന്റെ ഒരു ഭാഗമായി കൃഷിയെ മാറ്റുവാൻ കഞ്ഞുണ്ണി മാഷ് പറഞ്ഞ ഒരു വരികൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. 'എഴുതി നേടുന്നത് ഉത്തമം, ഉഴുതു നേടുന്നത് അത്യുത്തമം' എന്ന് കുഞ്ഞുണ്ണിമാഷ് പറഞ്ഞിട്ടുണ്ട്. എഴുതുന്നതോടൊപ്പംതന്നെ ഉഴുതുകൊണ്ടും കൂടുതൽ ഉത്തമമായ ജീവിതത്തിലേയ്ക്ക് പുതിയ തലമുറയെ കൈപിടിച്ച് ഉയർത്തുവാൻ എന്റെ ഈ നിർദ്ദേശം സംസ്ഥാന ഗവൺമെന്റ് അംഗീകരിക്കണമെന്ന് വിനയപൂർവ്വം അപേക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly